**സബ്മിഷൻ**

**(1) ചീഫ് വിപ്പിന്റെ പരാമർശം സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സോളാർ തട്ടിപ്പുകേസ്സിലെ പ്രതിയും മുഖ്യമന്ത്രിയുടെ ഓഫീസും തമ്മിലുള്ള ബന്ധം സംബന്ധിച്ച് നേരത്തെതന്നെ മുഖ്യമന്ത്രിക്ക് മുന്നറിയിപ്പ് കൊടുത്തിരുന്നു എന്ന് മന്ത്രി പദവിയുള്ള ഗവൺമെന്റ് ചീഫ് വിപ്പ് ഇന്നലെ വെളിപ്പെടുത്തിയിരിക്കുകയാണ്. മുഖ്യമന്ത്രിക്ക് മുന്നറിയിപ്പ് കൊടുത്തിട്ടും ഈ ബന്ധം ഉപേക്ഷിക്കാൻ തയ്യാറായില്ലെന്ന ഗുരുതരമായ ഒരു ആക്ഷേപമാണ് മന്ത്രി പദവിയുള്ള ഗവൺമെന്റ് ചീഫ് വിപ്പ് വെളിപ്പെടുത്തിയിട്ടുള്ളത്.

മി. സ്പീക്കർ: എപ്പോഴും പറയുന്നതാണ് മന്ത്രിപദവിയെന്ന്. സമ്മതിച്ചു......എപ്പോഴും പറയുന്നു എന്നു ഞാൻ പറഞ്ഞന്നെയുള്ളു

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങേയ്ക്കുള്ള എല്ലാ പദവികളും അദ്ദേഹത്തിനും കൊടുത്തിരിക്കുകയാണ്. 35 സ്റ്റാഫ് അങ്ങേയ്ക്കില്ല. അദ്ദേഹത്തിന് 35 സ്റ്റാഫ് വരെയുണ്ട്. സർക്കാരിന്റെ ലൈറ്റ് വച്ച കാറിൽപോയിട്ടാണ് ഇങ്ങനെ പറഞ്ഞത്. മുഖ്യമന്ത്രിക്ക് മുന്നറിയിപ്പ് കൊടുത്തിട്ടും മുഖ്യമന്ത്രി അത് ചെയ്തില്ല. ഇപ്പോൾ പ്രതികൂട്ടിൽ മുഖ്യമന്ത്രി തന്നെയാണ്. മുഖ്യമന്ത്രിക്ക് നേരിട്ട് വിവരം കൊടുത്തിട്ടും ഈ ബന്ധം തുടരുന്നു എന്നുള്ള ആക്ഷേപം ഗവൺമെന്റ് ചീഫ് വിപ്പ് തന്നെ ഉന്നയിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടി ഒരു എ.ഡി. ജി.പി.-യെ നിശ്ചയിക്കാമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി

ഇന്നലെ പറഞ്ഞതിന്റെ അർത്ഥമെന്താണ്? മുഖ്യമന്ത്രിയുടെ കീഴിലുള്ള ഒരു ഓഫീസർ, ആഭ്യന്തരമന്ത്രിയുടെ കീഴിലുള്ള ഒരു ഓഫീസർ മുഖ്യമന്ത്രിക്കെതിരായിട്ടുള്ള ഒരു ആരോപണം അന്വേഷിക്കുമെന്നു പറഞ്ഞാൽ അത് എത്ര മാത്രം പരിഹാസ്യമാണ്. അതുകൊണ്ട് ഇതു സംബന്ധിച്ച് എല്ലാ വസ്തുതകളും ഒരു ജുഡീഷ്യൽ അന്വേഷണം വഴിമാത്രമേ ഇത് പുറത്തുകൊണ്ടു വരുവാൻ കഴിയുകയുള്ളു. മുഖ്യമന്ത്രിക്കെതിരായി നേരിട്ട് ഇപ്പോൾ ഗവൺമെന്റ് ചീഫ് വിപ്പ് ആരോപണം ഉന്നയിച്ച് രംഗത്ത് വന്നു കഴിഞ്ഞിരിക്കുന്നത്. മാത്രമല്ല സരിത എന്നു പറയുന്ന സ്ത്രീയെ ഇന്നലെ പോലീസ് കസ്റ്റഡിയിൽ പെരുമ്പാവൂരിൽ ഹാജരാക്കിയത് സംബന്ധിച്ച് മാതൃഭൂമി ടെലിവിഷൻ ചാനൽ സംപ്രേക്ഷണം ചെയ്തപ്പോൾ അവിടെ വച്ചും അവർ മൊബൈൽ ഫോൺ വിളിക്കുകയാണ്. പോലീസ് കസ്റ്റഡിയിൽ വച്ച് ഞാൻ ശ്രദ്ധിച്ചപ്പോൾ ഒരു പോലീസുകാരനാണ് മൊബൈൽ ഫോൺ അവർക്ക് കൊടുക്കുന്നത്. വേറെ ആരോ ആ പോലീസുകാരന്റെ മൊബൈൽഫോണിൽ വിളിക്കുന്നു. ആ പോലീസുകാരൻ മൊബൈൽ ഫോണുമായി ഇവരുടെ അടുത്തേയ്ക്ക് പോകുന്നു. അവർ ഇങ്ങോട്ട് സംസാരിക്കുന്നു. ഈ സമയം ആരുമായിട്ടാണ് ഇന്നലെ ഇവർ സംസാരിച്ചത്. മുഖ്യമന്ത്രിയുടെ കൂടെ നടക്കുന്ന പാവം പയ്യൻ, അവരുമായി സംസാരിച്ചു എന്നുള്ള വാർത്തയുണ്ട്. ഇന്നലെ പാവം പയ്യനുമായിട്ടാണോ സംസാരിച്ചത് അല്ലെങ്കിൽ ജോപ്പനുമായിട്ടാണോ സംസാരിച്ചത്. ആരുമായിട്ടാണ് ഇന്നലെ പോലീസ് കസ്റ്റഡിയിൽവച്ച് സംസാരിച്ചത്. ഈ കാര്യങ്ങളെല്ലാം അന്വേഷിക്കാൻ എ.ഡി.ജിപി.-ക്ക് എങ്ങനെയാണ് സാധിക്കുന്നത്. അതുപോലെ ശ്രീ. പി. സി. ജോർജ് ഇന്നലെ പറഞ്ഞിരിക്കുന്നത് മുൻ മന്ത്രി ശ്രീ. കെ. ബി. ഗണേഷ്കുമാറിന് എതിരായിട്ടും ആരോപണം ഉന്നയിച്ചിരുന്നു. അദ്ദേഹം തുടർച്ചയായി

ശ്രീ കെ. ബി. ഗണേഷ്കുമാറിനെ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന്റെ വസ്തുത എന്താണ്? ഇങ്ങനെ ഒരു പുകപടലം സൃഷ്ടിക്കുന്നതിന്റെ വസ്തുത എന്താണ്? ഇവിടെ ചീഫ് വിപ്പ് ഉന്നയിച്ചിരിക്കുന്ന ഈ പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിരിച്ച് തള്ളിയാൽ പോര. അങ്ങേയ്ക്ക് ചീഫ് വിപ്പിനെകൊണ്ട് ഗുണം കിട്ടിയിട്ടുണ്ടായിരിക്കും. ഇപ്പോൾ ഗവൺമെന്റ് ചീഫ് വിപ്പ് അങ്ങേയ്ക്കെതിരെ നിറയൊഴിച്ചിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ചീഫ് വിപ്പ് ഉന്നയിച്ചിരിക്കുന്ന ആരോപണം ശരിയാണെന്ന് തെളിയിക്കണമെങ്കിൽ അങ്ങ് മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് രാജി വയ്ക്കണം. അങ്ങ് മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് രാജിവച്ചുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണം. അങ്ങനെ കേരളം ഈ പ്രശ്നത്തിന് മാതൃക കാണിക്കണം. മുഖ്യമന്ത്രിയുടെ ഓഫീസ് കുറ്റവാളികളുടെ താവളമാകാൻ പാടില്ല. ഇവിടെ എല്ലാ തട്ടിപ്പുക്കാരും മുഖ്യമന്ത്രിയുടെ ഓഫീസുമായി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഈ ഗുരുതരമായ ആക്ഷേപം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ഗവൺമെന്റ് ചീഫ് വിപ്പ് ഉന്നയിച്ചിരിക്കുന്ന ഈ ആരോപണം തെളിയണമെങ്കിൽ ഒരു ജുഡീഷ്യൽ അന്വേഷണം മാത്രമേ വഴിയുള്ളു. ഇതിനുവേണ്ടി മുഖ്യമന്ത്രി ആ സ്ഥാനത്തുനിന്ന് മാറിനിന്നുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് സന്നദ്ധമാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇതിനുവേണ്ടിയിട്ടുള്ള നോട്ടീസ് തന്നതിൽ നേരത്തെതന്നെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു എന്ന് ചീഫ് വിപ്പ് വെളിപ്പെടുത്തി എന്നതാണ് അദ്ദേഹം പറഞ്ഞ മുഖ്യമായ കാര്യം. ഇവരെ

അറസ്റ്റ് ചെയ്ത് പോലീസ് കസ്റ്റഡിയിൽ വരുന്നതുവരെ ശ്രീ. പി. സി. ജോർജ് എന്നോട് ഒന്നും പറഞ്ഞിട്ടില്ല. ......(ബഹളം).....പറയട്ടെ...കേൾക്ക്....... അവരെ അറസ്റ്റ് ചെയ്ത് പോലീസ് കസ്റ്റഡിയിൽ വരുന്നതുവരെ എന്നോട് ഒന്നും പറഞ്ഞിട്ടില്ല. ഈ നോട്ടീസ് കിട്ടിയപ്പോൾ ഞാൻ ജോർജിനെ വിളിച്ചു. എന്താണ് പറഞ്ഞതെന്ന് അന്വേഷിച്ചു. ഞാൻ അന്ന് പറഞ്ഞല്ലോ എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. എന്നാണ് പറഞ്ഞത് ? ജൂൺ നാലാം തീയതി രാവിലെ പത്ത് മണിക്കു നടന്ന പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ ഗവേണിംഗ് ബോഡി മീറ്റിംഗിലാണ് പറഞ്ഞത്. ശ്രീ. രാജു എബ്രഹാം, ശ്രീമതി ഇ.എസ്. ബിജിമോൾ, ശ്രീ. പി. സി. ജോർജ് തുടങ്ങിയ മൂന്നുപേരാണ് ആ കമ്മിറ്റിയിൽ ഉള്ളത്. ആ മീറ്റിംഗിൽ ഞാനാണ് അധ്യക്ഷൻ. ആ മീറ്റിംഗ് കഴിഞ്ഞപ്പോൾ എന്നെ മാറ്റി വിളിച്ചതിനുശേഷമാണ് ഇങ്ങനെയൊരു സംഭവത്തെക്കുറിച്ച് പറഞ്ഞത്. അതിന്റെ തലേ ദിവസം വെളുപ്പിനുതന്നെ ഇവരെ അറസ്റ്റു ചെയ്തിരുന്നു. ഇതിനെക്കുറിച്ച് അദ്ദേഹ ത്തോട് ചോദിച്ചപ്പോൾ അറസ്റ്റ് ചെയ്തത് അറിഞ്ഞില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇതാണ് സംഭവം. യാഥാർത്ഥ്യം ഇതാണ് എന്നുള്ളത് മനസ്സിലാക്കി.

ശ്രീ. സി. ദിവാകരൻ : ശ്രീ. പി. സി. ജോർജ് ഇന്ന് വന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : അദ്ദേഹം ഇന്ന് ഈരാറ്റുപേട്ടയിൽ പോകുമെന്ന് ഇന്നലെ പറഞ്ഞിരുന്നു. ഞാൻ ഈ സഭയിൽ നിന്നുകൊണ്ട് ഉത്തരവാദിത്വ ത്തോടുകൂടി പറയുകയാണ്. അന്ന് ആ മീറ്റിംഗിൽ പങ്കെടുത്തിരുന്ന രണ്ടു പേർ ഇവിടെയുണ്ട്. അവരാരും ഇത് കേട്ടിട്ടില്ല. അവരുടെ ആ മീറ്റിംഗ് കഴിഞ്ഞ ഉടനെ അവിടെ തന്നെ മാറ്റി നിർത്തി എന്നോടു പറഞ്ഞു. അതിന്റെ തലേ ദിവസംതന്നെ ഇവരെ അറസ്റ്റു ചെയ്തിരുന്നു. അതുകൊണ്ട് ഇത്

പറഞ്ഞാൽ ഒരു മാസം മുമ്പ് അല്ലെങ്കിൽ ആറു മാസം മുമ്പ് അല്ലെങ്കിൽ ഒരു കൊല്ലം മുമ്പ് പറഞ്ഞു എന്നൊരു ധ്വനിയുണ്ടാകാം. പക്ഷേ, പറഞ്ഞത് ഇതാണ് എന്ന് ധരിക്കരുത്. ഇന്നലെ ഞാൻ ഇവിടെ പറഞ്ഞപ്പോൾ എന്റെ ഓഫീസിലെ ഫോൺ രണ്ടുപേർ വിളിച്ചതിനെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞു. ഞാൻ ഒരു ഇടക്കാല റിപ്പോർട്ട് (Interim Report) വരുത്തിയിട്ട് അത് പരിശോധിക്കാം എന്നു പറഞ്ഞിരുന്നു. അതനുസരിച്ച് എ.ഡി.ജി.പി. ഇന്റലിജന്റ്സ് ശ്രീ. സെൻ കുമാറിനെ ചുമതലപ്പെടുത്തി. അദ്ദേഹം അന്വേഷിച്ച് ഒരു റിപ്പോർട്ട് തന്നിട്ടുണ്ട്. ആ റിപ്പോർട്ടിൽ അദ്ദേഹം ശുപാർശ ചെയ്തിരിക്കുന്നത് ഒരു ഡീറ്റയിൽഡായിട്ടുള്ള ഒരു അന്വേഷണം വേണമെന്നാണ്. അതുകൊണ്ട് ഈ രണ്ടുപേരെ മാറ്റി നിർത്തികൊണ്ട് ഒരു ഡീറ്റയിൽഡായിട്ടുള്ള എൻക്വയറി നടത്താനായി തീരുമാനിച്ചു. ....(ബഹളം)....രണ്ടു പേർ ഫോൺ വിളിച്ചതിനെക്കുറിച്ചു മാത്രമാണ് ശ്രീ സെൻ കുമാറിനോട് അന്വേഷിക്കാൻ പറഞ്ഞത്. അത് വിശദമായി അന്വേഷിച്ചപ്പോൾ ശ്രീ. ടെന്നി ജോപ്പൻ, ശ്രീ. സലീം രാജ് എന്നു പറയുന്ന രണ്ടുപേരാണ്. അവരെക്കുറിച്ച് ഡീറ്റയിൽഡായിട്ടുള്ള എൻക്വയറി ഇവരെ മാറ്റിനിർത്തികൊണ്ട് നടത്താൻ തീരുമാനിച്ചു. ഡീറ്റയിൽഡായിട്ടുള്ള എൻക്വയറി മൊത്തത്തിലുള്ള കേസിന്റെ അന്വേഷണം നടത്തുന്ന സൗത്ത് സോൺ എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രൻ തന്നെ ഇതിനെക്കുറിച്ചും വിശദമായി അന്വേഷിക്കും. ഇതു സംബന്ധിച്ചിട്ടുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞു. ....(ബഹളം)......

ശ്രീ. സി. ദിവാകരൻ : ഇത് ഇന്നലെ പറഞ്ഞ മറുപടിയാണ്.

മി. സ്പീക്കർ: അല്ല. ഇന്നലെ പറഞ്ഞ മറുപടിയല്ല. .(ബഹളം).......പ്ലീസ്...

ശ്രീ. സി. ദിവാകരൻ : ചീഫ് വിപ്പ് നടത്തിയ ഗുരതരമായ ആരോപണം കേരളം മുഴുവൻ പ്രചരിപ്പിച്ചിട്ട് ഇന്ന് ശ്രീ. പി. സി. ജോർജ് ഇല്ലാത്തപ്പോഴാണ് പറയുന്നത് .....അദ്ദേഹം പറഞ്ഞത് എന്താണെന്ന് അറിയില്ല. ഇതൊന്നും സാധ്യമല്ല. ജുഡിഷ്യൽ എൻക്വയറി........ (ബഹളം) ..........

മി. സ്പീക്കർ :.........പ്ലീസ്....പ്ലീസ്.....അത് നിങ്ങളുടെ ഡിമാന്റാണ്. പ്ലീസ്....... ശ്രീ.കോടിയേരി ബാലകൃഷ്ണൻ.....പ്ലീസ്....ഞാനൊന്ന് പറയട്ടെ..... (ബഹളം)....ചെയർ ഒരു കാര്യം പറയട്ടെ. ശ്രീ. സി. ദിവാകരൻ പ്ലീസ്.....നോ നോ....ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് അവതരിപ്പിച്ചത്. ........നോ.... നോ....അങ്ങനെ നിർബന്ധിക്കുന്നത് ശരിയല്ല. 24 മണിക്കൂറും അനുവദിക്കാൻ സാധിക്കുമോ? ..........(ബഹളം).......നിങ്ങളുടെ അഭിപ്രായം പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങൾ ഉന്നയിച്ചിരിക്കുന്ന പ്രശ്നം എന്താണ്? ഗവൺമെന്റ് ചീഫ് വിപ്പ് മുഖ്യമന്ത്രിയ്ക്കെതിരായി ഉന്നയിച്ച ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അത് അന്വേഷിക്കണം. അതെങ്ങനെ യാണ് എ.ഡി.ജി.പി.-യെകൊണ്ട് അന്വേഷിക്കാൻ സാധിക്കുന്നത്. ഗവൺമെന്റ് ചീഫ് വിപ്പ് പറഞ്ഞത് രണ്ടാഴ്ച മുമ്പ് ഞാൻ നോട്ടീസ് കൊടുത്തു എന്നാണ്.

മി. സ്പീക്കർ: അങ്ങ് പറയാനുള്ളത് പറഞ്ഞല്ലോ. അതിന് മുഖ്യമന്ത്രി മറുപടിയും പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഖ്യമന്ത്രിയെ സംബന്ധിച്ച് പറഞ്ഞ ആരോപണം എങ്ങനെയാണ് എ.ഡി.ജി.പി. അന്വേഷിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: ഇത് പുതിയ ആരോപണമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഖ്യമന്ത്രിക്ക് എതിരായിട്ടുള്ള ആരോപണം .....ഗവൺമെന്റ് ചീഫ് വിപ്പ് ഉന്നയിച്ചിരിക്കുന്ന ആരോപണം .......

മി. സ്പീക്കർ : ഇവിടെ ശ്രീ. പി. സി. ജോർജ് ഇതുപോലെ പലതും പറയാറുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഗവൺമെന്റ് ചീഫ് വിപ്പാണ് ശ്രീ. പി. സി. ജോർജ്.

മി. സ്പീക്കർ : അങ്ങ് ഒരു സബ്മിഷൻ അവതരിപ്പിച്ചു. അതിനുള്ള മറുപടി മുഖ്യമന്ത്രി പറഞ്ഞു. ......യെസ്.......ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ശ്രീ. സി. ദിവാകരൻ : ആഭ്യന്തര മന്ത്രി മറുപടി പറയണ്ട.

മി. സ്പീക്കർ: അതെങ്ങനെയാണ്. അദ്ദേഹം കേരളത്തിന്റെ ആഭ്യന്തര മന്ത്രിയല്ലേ. .......ഈ ശാഠ്യങ്ങളൊന്നും ശരിയല്ല. ..........(ബഹളം).......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ........(ബഹളം)............ സർ, പ്രതി പക്ഷ ഉപനേതാവ് ഇന്നലെ ഇവിടെ ഉന്നയിച്ചിരുന്ന ആവശ്യം ഈ രണ്ടു പേരെ മാറ്റിനിർത്തണം എന്നതായിരുന്നു. ഇന്ററിം റിപ്പോർട്ട് വന്നാൽ നടപടി യെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. ഇന്ന് ഇന്ററിം റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടുപേരെ മാറ്റിനിർത്താൻ തീരുമാനിച്ചു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യംകൂടി ഇപ്പോൾ പറയുന്നുണ്ട്, ഇന്നലെ കസ്റ്റഡിയിലുണ്ടായിരുന്ന സരിത അവരുടെ മൊബൈ ലിൽ സംസാരിക്കുന്നത് അദ്ദേഹം കണ്ടു എന്നുപറഞ്ഞു. ആ മൊബൈലിൽ ആരാണ് വിളിച്ചതെന്നാണ് അദ്ദേഹം സംശയം ചോദിക്കുന്നത്. അതെന്താണ് എന്നതിനെക്കുറിച്ച് പ്രത്യേകം അന്വേഷിക്കാൻ എ.ഡി.ജി.പി. യോടുതന്നെ ആവശ്യപ്പെടുന്നതാണ്. അതുകൊണ്ട് ദുരൂഹത പരത്തി വെറുതെ ഇല്ലാത്ത

പ്രശ്നം ഉണ്ടാക്കുന്നതിന് ശ്രമിക്കരുതെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ........(ബഹളം)............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുഖ്യമന്ത്രിക്കെതിരെയുള്ള ആരോപണം എ.ഡി.ജി.പി. അന്വേഷിച്ചാൽ മതിയോ?

മി. സ്പീക്കർ: അത് അങ്ങ് എപ്പോഴും ചോദിക്കുന്നതാണ്. കേരളത്തിലെ പോലീസ് സംവിധാനം ഒരു കേസ് അന്വേഷിക്കുന്നത് ആദ്യമാണോ; അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്നയാളല്ലേ? .........(ബഹളം)....... ഇവിടെ മുഖ്യമന്ത്രിക്ക് എതിരായി ഒരു കേസ്സും ചാർജ് ചെയ്തിട്ടില്ലല്ലോ.

ശ്രീ. സി. ദിവാകരൻ: സർ, ഇന്നലെ പുതിയ ആരോപണം ഉന്നയിച്ചത് ഞങ്ങളല്ല. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ആണ്. ആരോപണം തെറ്റാണെങ്കിൽ ചീഫ് വിപ്പിനെ ചോദ്യം ചെയ്യണം.

മി. സ്പീക്കർ: അങ്ങ് ശ്രീ. പി. സി. ജോർജിന്റെ കാര്യം പറഞ്ഞു. നിങ്ങൾ ദയവായി സീറ്റിലേക്ക് പോകണം. ബിസിനസ് തുടർന്നുകൊണ്ടു പോകണം. പ്ലീസ്...... പ്ലീസ്.... ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് പ്രതിപക്ഷ ഉപനേതാവാണ്, അങ്ങ് ഇന്നുരാവിലെയാണ് ഒരു സബ്മിഷൻ എഴുതിത്തന്നത്. അത് സഭയിൽ അവതരിപ്പിച്ചു. അതിന് മുഖ്യമന്ത്രി മറുപടി പറഞ്ഞു. അദ്ദേഹം കൈക്കൊണ്ട ആക്ഷനും പറഞ്ഞു. അതല്ലാതെ നിങ്ങൾ ഇന്ന മറുപടി പറയണമെന്നുപറഞ്ഞാൽ അത് ചെയറിന് സാധ്യമല്ല. ദയവു ചെയ്ത് നിങ്ങൾ എല്ലാവരും സീറ്റിലേക്ക് പോകണം. പ്ലീസ്.......പ്ലീസ്.... (ബഹളം)........

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസപ്പെടുത്തിക്കൊണ്ടിരുന്നു.)

## (2) സർക്കാർ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി

ശ്രീ. എം. പി. വിൻസെന്റ്: സർ, ഏറ്റവും ഗൗരവമുള്ള ഒരു കാര്യ മാണ് ഈ സഭയ്ക്കുമുമ്പിൽ ഞാൻ അവതരിപ്പിക്കുന്നത്. കേരള സംസ്ഥാ നത്ത് ആയുർദൈർഘ്യം വർദ്ധിച്ചുവരുന്നു. അതുപോലെ വിദ്യാഭ്യാസ അവസരങ്ങളും വർദ്ധിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പ്രായം പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 60 വയ സ്സായി നിജപ്പെടുത്തി. മുമ്പ് പെൻഷൻ പ്രായം 55 വയസ്സിൽനിന്നും 56 വയ സ്സായി ഉയർത്തിയപ്പോൾ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 35 വയസ്സിൽനിന്നും 36 വയസ്സായി ഉയർത്തി. തൊഴിൽരഹിതരായവരുടെ സ്വപ്നമായ സർക്കാർ ജോലിയുടെ പ്രഭ ഒരു ഹൈടെക് വിപ്ലവത്തിലും മങ്ങുകയില്ല. പ്രവാസി ജീവിതം മതിയാക്കി വരുന്നവർക്കും സർക്കാർ സർവ്വീസിൽ പ്രവേശിക്കാനുള്ള അവസരമുണ്ടാകണം. പുതിയതായി സർവ്വീ സിൽ പ്രവേശിച്ചവരുടെ പെൻഷൻ പ്രായം 4 വർഷമാണ് ഉയർത്തിയത്. ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധിയിലും ഈ 4 വർഷത്തെ വർദ്ധനവ് വരുത്തണമെന്ന് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. എം.പി.വിൻസെന്റ്, ചുരുക്കിപ്പറഞ്ഞാൽ മതി. പ്ലീസ്.

ശ്രീ. എം. പി. വിൻസെന്റ്: സർ, സർക്കാർ ജോലിക്ക് അപേക്ഷ നൽകാനുള്ള പ്രായപരിധി 36 വയസ്സിൽനിന്നും 40 വയസ്സായി ഉയർത്തണ മെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മി. സ്പീക്കർ: എന്താണ്; നിങ്ങൾ മൈക്ക് വേണമെന്ന് ഓർഡർ കൊടുത്താൽ മൈക്ക് തരാൻ. ഞാൻ പറഞ്ഞാൽ മാത്രമേ മൈക്ക് കൊടുക്കുകയുള്ളൂ. അങ്ങനെയാണ് കീഴ്‌വഴക്കം.. പ്ലീസ്.........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഗവൺമെന്റ് ചീഫ് വിപ്പ് ഉന്നയിച്ചിരിക്കുന്ന ആരോപണം തെറ്റാണെന്ന് മുഖ്യമന്ത്രി പറഞ്ഞ സാഹചര്യത്തിൽ ചീഫ് വിപ്പ് ആ സ്ഥാനത്ത് തുടരുന്നത് ശരിയല്ല.. ഗവൺമെന്റ് ചീഫ് വിപ്പ് ഉന്നയിച്ചിരിക്കുന്ന ആരോപണം നിലനിൽക്കുകയും അദ്ദേഹം ആ സ്ഥാനത്ത് തുടരുകയുമാണ്. അതുകൊണ്ട് ചീഫ് വിപ്പ് ഉന്നയിച്ചിരിക്കുന്ന ആരോപണത്തിന്മേൽ മുഖ്യമന്ത്രി രാജിവച്ചുകൊണ്ടുള്ള ജുഡീഷ്യൽ അന്വേഷണം നടത്തണം. അതിന് വിധേയമാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോയി)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തി എന്നുള്ളത് ശരിയാണെങ്കിലും ഇന്നത് ബാധിക്കുന്നതേയില്ല.. 25 കൊല്ലം കഴിഞ്ഞതിനുശേഷമേ ഈ പ്രശ്നം വരുന്നുള്ളൂ. അതുകൊണ്ട് അപേക്ഷിക്കുന്നവരുടെ പ്രായപരിധി ഉയർത്തണമെന്നുപറയുന്നതിൽ പ്രസക്തിയില്ല. അടുത്ത 4 കൊല്ലം റിട്ടയർമെന്റ് ഉണ്ടാകുന്നില്ലെങ്കിൽ ശ്രീ. എം. പി. വിൻസെന്റ് ഉന്നയിച്ച വാദം ശരിയാകുമായിരുന്നു. ഇപ്പോൾ റിട്ടയർമെന്റ് പ്രായം 56 വയസ്സാക്കിയപ്പോൾ ഒരുവയസ്സ് കൂട്ടിയിട്ടുണ്ട്. അപേക്ഷിക്കാനുള്ള പ്രായപരിധി കൂട്ടുന്ന കാര്യത്തിൽ

ഇപ്പോൾ ഒരു തീരുമാനമെടുത്തിട്ടില്ല എന്നുള്ള കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

## (3) വിദേശ മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. മോൻസ് ജോസഫ്: സർ, പ്രവാസികൾക്ക് ഭാരതീയ ഗവൺമെന്റ് നൽകുന്ന ഒ.സി.ഐ. കാർഡുമൂലം പ്രവാസികൾ അനുഭവിക്കുന്ന ബുദ്ധി മുട്ടുകളെക്കുറിച്ച് വിവിധ രാജ്യങ്ങളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മല യാളികൾ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഞാൻ കഴിഞ്ഞ ദിവസം സ്വിറ്റ്സർലന്റിൽ നടന്ന യൂറോപ്പ് പ്രവാസി സംഗമത്തിൽ പങ്കെടുക്കാൻപോയ സമയത്ത് ഇതുപോലുള്ള ബുദ്ധിമുട്ടുകൾ ഒരു പ്രധാന ചർച്ചാവിഷയമായി വരികയുണ്ടായി. ശ്രീ. റ്റി. യു. കുരുവിള എം.എൽ.എ.-യും മുൻ അംബാസി ഡർ ശ്രീ. റ്റി. പി. ശ്രീനിവാസനുമടക്കം ആ ചടങ്ങിലുണ്ടായിരുന്ന ഞങ്ങളെ ല്ലാവരും ഈ വിഷയം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടു വരുമെന്നും കേന്ദ്രത്തിൽ ആവശ്യമായ ഇടപെടൽ നടത്താനും ശ്രമിക്കു മെന്നും പറഞ്ഞിരുന്നു. കഴിഞ്ഞ ദിവസം അമേരിക്കയിൽനിന്നുവന്ന വിവിധ സംഘടനകളുടെ പ്രതിനിധികൾ ശ്രീ. സണ്ണി ജോസഫ് എം.എൽ.എ അടക്കമുള്ള കുറെ എം.എൽ.എ.-മാരുമായി ബന്ധപ്പെടുകയും ഞങ്ങളെല്ലാ വരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരി കയും ചെയ്തു. ഇപ്പോൾ ഇന്ത്യൻ എംബസി ഇറക്കിയിരിക്കുന്ന ഉത്തരവു പ്രകാരം വിദേശ മലയാളികൾക്കെല്ലാം ഒ.സി.ഐ കാർഡ് ആവശ്യമാണ്. യാത്ര ചെയ്യുന്ന സന്ദർഭങ്ങളിലും അവിടത്തെ പ്രവർത്തനങ്ങളിലുമെല്ലാം പുതുക്കിയ ഉത്തരവ് വലിയ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുകയാണ്. അതു കൊണ്ട് ഒ.സി.ഐ കാർഡ് ഒരുപ്രാവശ്യംമാത്രം പുതുക്കുന്ന വിധത്തിൽ

ക്രമീകരിക്കാനും ഇതുമായി ബന്ധപ്പെട്ടുവന്നിരിക്കുന്ന പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. Overseas Citizens of India Card holders എന്ന നിലയിൽ ഇവരിപ്പോൾ അനുഭവി ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നുള്ളതാണ് ഞാൻ ഉന്നയി ക്കുന്നത്. ഈ വിഷയം വേണ്ടത്ര ഗൗരവത്തോടെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും പ്രത്യേകിച്ച് മലയാളികളായ പ്രവാസികൾ മുഴുവൻ പ്രയാസപ്പെടുന്ന സാഹചര്യത്തിൽ അവരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുന്നതിന് പ്രവാസികാര്യ വകുപ്പുമന്ത്രി പ്രത്യേക നേതൃത്വം കൊടുക്കണം. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട മോൻസ് ജോസഫ് വിദേശങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാരുടെ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിദേശ പൗരത്വമുള്ള ഇന്ത്യക്കാർക്ക് അവരുടെ ഇന്ത്യൻ പൗരത്വത്തിനുള്ള യോഗ്യത യ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ് Persons of Indian Origin (PIO), Overseas Citizens of India (OCI) എന്നിവ. ഇതിലേക്ക് രജിസ്റ്റർ ചെയ്യുന്നതിനും കാർഡുകൾ നൽകുന്നതിനും പുതുക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പി ലാക്കാനുള്ള നോഡൽ മന്ത്രാലയം കേന്ദ്ര ഗവൺമെന്റിന്റെ പ്രവാസികാര്യ മന്ത്രാലയമാണ്. പുതിയ പാസ്പോർട്ട് അനുവദിക്കുമ്പോഴും മറ്റ് വിവിധ

കാരണങ്ങളാലും കേന്ദ്ര സർക്കാർ നിബന്ധനകളനുസരിച്ച് ഈ കാർഡ് പുതുക്കേണ്ടതായിട്ടുണ്ട്. ഈ പദ്ധതിയിന്മേൽ സംസ്ഥാന ഗവൺമെന്റിന് യാതൊരു നിയന്ത്രണവുമില്ല. കാർഡ് പുതുക്കുന്നത് ഒറ്റത്തവണയാക്കി നിജപ്പെടുത്തുക, ഒ.സി.ഐ. അപേക്ഷാ ഫീസ് പിൻവലിക്കുക, കാർഡിന്റെ പ്രോസസ്സിംഗ് സമയം കുറയ്ക്കുക, മെയ്‌ലിംഗ് ഫീസ് ഏകീകരിക്കുക, വിവിധ കാർഡുകൾ ഒന്നിപ്പിക്കുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഈ കാര്യം തീർച്ചയായും സംസ്ഥാന ഗവൺമെന്റ് ഗൗരവമായി കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

(ശ്രീ. ബി സത്യൻ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല)

## (4) മൺപുറ്റുകൾ നീക്കം ചെയ്യൽ

ശ്രീ. കെ. ശിവദാസൻ നായർ: സർ, ആറന്മുള ഉതൃട്ടാതി ജലമേള നടക്കുന്നത് പമ്പാ നദിയിലാണ്. ആ നദിയിൽ വള്ളംകളി നടക്കുന്നതിന് വിഘാതമായി നിൽക്കുന്ന മൺപുറ്റുകൾ, കാലാകാലങ്ങളിൽ നീക്കം ചെയ്ത് വള്ളംകളി സുഗമമായി നടത്തുന്നതിന് ഗവൺമെന്റ് പദ്ധതികൾ നടപ്പിലാക്കുന്ന ഒരു പതിവുണ്ട്. പലപ്പോഴും മൺസൂൺ ആരംഭിച്ചതിനുശേഷം ഇതിന്റെ പണി നടക്കുന്നതുകൊണ്ട് മൺപുറ്റുകൾ ശരിയായ രീതിയിൽ നീക്കം ചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണുണ്ടാകുന്നത്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ജലമേളയുടെ അവലോകനയോഗം നേരിട്ടുവന്ന് നടത്തുകയുണ്ടായി. അത് വളരെ നല്ലൊരു നടപടിയായിരുന്നു. അടുത്ത വർഷം മുതൽ വെള്ളം താഴ്ന്ന് കിടക്കുന്ന

അവസരത്തിൽത്തന്നെ ഇതിന്റെ പണി ആരംഭിക്കാമെന്ന് അദ്ദേഹം പറയുകയുണ്ടായി.. അതിനെ സംബന്ധിച്ച ഞാൻ  ജലവിഭവ വകുപ്പുമന്ത്രിക്ക് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. ദൗർഭാഗ്യവശാൽ ഇതുവരെയും അതിനെ സംബന്ധിച്ച ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ വർഷമെങ്കിലും അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത് ഈ വർഷത്തെ ജലമേളയുടെ കാര്യത്തിൽ പണികൾ ആരംഭിക്കുകയും തുടർന്നും വെള്ളം താഴ്ന്ന് നിൽക്കുന്ന അവസരത്തിൽ സ്ഥിരമായി ഈ പണി നടത്തുന്നതിന് ഒരു ഉത്തരവ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഈ വർഷവും അങ്ങയുടെ സാന്നിദ്ധ്യത്തിൽ അവലോകനയോഗം നടത്തി, ജലമേള സുഗമമായി നടത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പമ്പാനദിയിൽ നടക്കുന്ന ആറന്മുള ഉതൃട്ടാതി വള്ളംകളിയുടെ സുഗമമായ നടത്തിപ്പിന് വിഘാതമായി അമ്പലക്കടവിന്റെ മുകൾ ഭാഗത്തും താഴത്തുമായി നിൽക്കുന്ന മൺപുറ്റുകൾ നീക്കം ചെയ്യുന്നതിന് 6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൊട്ടാരത്തിൻകടവ് മുതൽ ആറന്മുള ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേഷൻ വരെയുള്ള മൺപുറ്റുകൾ നീക്കം ചെയ്യുന്നതിന് 20 ലക്ഷം രൂപയുടെ മറ്റൊരു എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഈ രണ്ട് എസ്റ്റിമേറ്റുകളും വിശദമായി പരിശോധിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതാണ്. സെപ്റ്റംബർ മാസം നടക്കുന്ന ആറന്മുള ഉതൃട്ടാതി

വള്ളംകളിയുടെ സുഗമമായ നടത്തിപ്പിന് വകുപ്പ് തലത്തിൽ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (5) പമ്പാ ആക്ഷൻ പ്ലാൻ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിലെ പുണ്യനദിയായ പമ്പയുടെ സംരക്ഷത്തിനുവേണ്ടി നാഷണൽ റിവർ കൺസർവേഷൻ പ്ലാനിന്റെ ഭാഗമായി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്, 18.45 കോടി രൂപയുടെ ഒരു ആക്ഷൻ പ്ലാൻ ഫസ്റ്റ് ഫെയിസിന് അപ്രൂവൽ നൽകുകയുണ്ടായി. അതിന്റെ പ്രവർത്തനങ്ങൾക്കായി കേരള വാട്ടർ അതോറിറ്റിയെ നോഡൽ ഏജൻസിയായി നിശ്ചയിക്കുകയും അതിന്റെ പണി കുറച്ചുമാത്രം മുന്നോട്ടുപോകുകയുമാണുണ്ടായത്. പമ്പാ നദിയുടെ തീരത്തായി 30 ലക്ഷം ജനങ്ങളാണ് അധിവസിക്കുന്നത്. 179 കിലോമീറ്റർ സഞ്ചരിച്ചാണ് ഈ നദി വേമ്പനാട് കായലിൽ എത്തിച്ചേരുന്നത്. ഈ 30 ലക്ഷം ജനങ്ങളുടെ എല്ലാ തരത്തിലുള്ള, സംസ്കാരമായും ജീവിതമായും എല്ലാം ബന്ധപ്പെട്ടുകിടക്കുന്ന ഒരു നദിയാണിത്. ശ്രീ. കെ. ശിവദാസൻ നായർ സൂചിപ്പിച്ചതുപോലെ, ആറന്മുള്ള ഉതൃട്ടാതി ജലോത്സവമടക്കം പമ്പാ തീരത്തിന്റേതായ ഒരു സംസ്കാരം തന്നെയുണ്ട്. അതുകൊണ്ട് ആ നദിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സെക്കന്റ് ഫെയിസും തേർഡ് ഫെയിസും നടപ്പിലാക്കിയാൽ മാത്രമേ...............ആ നദിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പഞ്ചായത്തും മുനിസിപ്പാലിറ്റിയും എല്ലാംതന്നെ അവിടെ നടപ്പിലാക്കേണ്ട ഒരു ആക്ഷൻ പ്ലാനും മാസ്റ്റർ പ്ലാനുമുണ്ട്. ഇപ്പോൾ സെക്കന്റ് ഫെയിസിന്റേയും തേർഡ് ഫെയിസിന്റേയും കാര്യത്തിൽ തീരുമാനമായിട്ടില്ല.

ഈ കാര്യത്തെ സംബന്ധിച്ച് കേന്ദ്രത്തിലേയ്ക്ക് ഡി.പി.ആർ. സമർപ്പിക്കേണ്ട സമയവും ആയിട്ടുണ്ട്. അതുകൊണ്ട് പമ്പാ ആക്ഷൻ പ്ലാനിന്റെ സെക്കന്റ് ഫെയിസും തേർഡ് ഫെയിസും നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പമ്പാ നദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനായി 2001-ൽ പമ്പാ ആക്ഷൻ പ്ലാൻ പദ്ധതിയുടെ 319 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 12 പ്രവൃത്തികൾക്കായി 18.45 കോടി രൂപയുടെ അംഗീകാരമാണ് ആദ്യഘട്ടത്തിൽ ലഭിച്ചത്. സന്നിധാനത്തിൽ 5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധപ്പെട്ട മറ്റു പ്രവൃത്തികളും അതിൽ ഉൾപ്പെടുന്നുണ്ട്. ആകെ 7.68 കോടി രൂപയുടെ പണികൾ ഇതുവരെ പൂർത്തീകരിച്ചു. പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ച് ഒരു റോഡ്മാപ്പ് യൂറോപ്യൻ യൂണിയന്റെ സഹായത്തോടുകൂടി തയ്യാറാക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09-05-2013-ൽ പമ്പാ ആക്ഷൻ പ്ലാനിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് ഒരു അവലോകനയോഗം കൂടുകയുണ്ടായി. പമ്പാ നദിയിയുടെ മാറിയ സാഹചര്യവും നിലവിലെ മാലിന്യ നിർമ്മാർജ്ജനവും കണക്കിലെടുത്ത് വീണ്ടും വിശദമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന ആവശ്യം ഉയർന്നുവരികയും അടിയന്തരമായി പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കാൻ പമ്പാ റിവർ ബേസിൻ അതോറിറ്റി പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട

ജില്ലാ കളക്ടറുടെ സഹകരണത്തോടുകൂടി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ശ്രീ. പി. തിലോത്തമൻ, ശ്രീ. രാജു എബ്രഹാം എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

## (6) സ്ഥിരം തടയണ

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മലപ്പുറം ജില്ലയിലെ മൂർക്കനാട് പഞ്ചായത്തിലെ നിലാപറമ്പിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് 2009-ൽ ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ ഇതുവരെ അതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇതോടൊപ്പം ഒരുമിച്ച് നൽകിയിരുന്ന മറ്റുരണ്ട് പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരികയാണ്. ഇതിന്റെ പ്രാധാന്യമെന്ന് പറയുന്നത്, മങ്കട മണ്ഡലത്തിലെ ആറ് ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയ ഒരു ബൃഹത്ത് പദ്ധതി ഈ പഞ്ചായത്തിൽ ആരംഭിച്ചിരിക്കുകയാണ്. അതിന്റെ പ്രധാന സോഴ്സ് എന്ന് പറയുന്നത് തൂതപ്പുഴയിൽ മൂർക്കനാട് പഞ്ചായത്തിലെ നിലാപറമ്പാണ്. അതു കൊണ്ട് സ്ഥിരം തടയണ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട അംഗം, മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിലെ നിലാപറമ്പ് തടയണ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കണമെന്ന

ആവശ്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. 512 ലക്ഷം രൂപയുടെ ഭരണാനുമതി നേരത്തെ നൽകുകയുണ്ടായി. അതിനുശേഷം ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ചെങ്കിലും 2010-ലെ നിരക്കിനേക്കാൾ 18 ശതമാനം കൂടിയ തുകയ്ക്കാണ് ടെണ്ടർ ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് പരിഗണിക്കുന്നതിന് റിവർ മാനേജ്മെന്റിന്റെ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. ആ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. കെ. കുഞ്ഞുരാമൻ (ഉദുമ) എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല)

(മേശപ്പുറത്തുവച്ച കടലാസുകൾ)